"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം.

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ : ഹസീന. പി.എസ്)**

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- ജൂനിയർ സൂപ്രണ്ട് (HG) തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിക്കുന്നത് – സംബന്ധിച്ച്.

**പരാമർശം:-** 1) സർക്കാർ ഉത്തരവ് (പി) നമ്പർ. 07/2016/ഫിൻ, തീയതി: 20.01.2016

2) അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഉത്തരവ് നം. DT/2955/2020-A3, തീയതി: 02.12.2020

3) അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ഉത്തരവ് നം. DT/330/2019-A3, തീയതി: 04.01.2021

4) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 05/2021/തൊഴിൽ, തീയതി: 21.01.2021

**ഉത്തരവ് നമ്പർ. DT/330/2019-A3, തീയതി: 19/01/2022**

പരാമർശം (1) പ്രകാരം വകുപ്പിൽ നിലവിലുണ്ടായിരുന്ന 88 ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ 1/3 തസ്തികകൾ ഹയർ ഗ്രേഡ് തസ്തികകളായി ഉയർത്തിയിട്ടുണ്ട്. പരാമർശം (4) പ്രകാരം അഞ്ച് ജൂനിയർ സൂപ്രണ്ട് തസ്തികകൾ കൂടി സൃഷ്ടിച്ചതു വഴി വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ ആകെ എണ്ണം 93 ആകുകയും ചെയ്തു. ടി സാഹചര്യത്തിൽ പരാമർശം (1) പ്രകാരം വകുപ്പിൽ നിലവിലുള്ള 93 ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ 1/3 തസ്തികകൾ ഹയർ ഗ്രേഡ് തസ്തികകളായി ഉയർത്തുന്നു. ആയതിൻ പ്രകാരം വകുപ്പിലെ 31 ജൂനിയർ സൂപ്രണ്ടുമാർക്ക് 50200-105300 ശമ്പള നിരക്കിൽ റോഷ്യോ (ഹയർ ഗ്രേഡ്) പ്രൊമോഷന് അർഹതയുണ്ട്.

പരാമർശം (3) പ്രകാരം ഏഴ് ജൂനിയർ സൂപ്രണ്ടുമാർക്ക് പ്രസ്തുത റോഷ്യോ (ഹയർ ഗ്രേഡ്) പ്രൊമോഷൻ അനുവദിച്ച് ഉത്തരവായതിന് ശേഷം നാളിതുവരെ ഉദ്യോഗക്കയറ്റം / വിരമിക്കൽ / പുതിയ തസ്തിക സൃഷ്ടിക്കൽ മുഖേന ജൂനിയർ സൂപ്രണ്ട് (HG) തസ്തികയിൽ ചുവടെപ്പറയുന്ന തീയതികളിൽ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | ഒഴിവ് ഉണ്ടായ തീയതി | ഒഴിവ് ഉണ്ടായ കാരണം | റിമാർക്സ് |
|---|---|---|---|
| 1 | 21.01.2021 | പരാമർശം (4) പ്രകാരം അഞ്ച് ജൂനിയർ സൂപ്രണ്ട് തസ്തികകൾ സൃഷ്ടിച്ചതു വഴി വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ ആകെ എണ്ണം 93 ആകുകയും, ആയതിൻ പ്രകാരം ജൂനിയർ സൂപ്രണ്ട് (HG) തസ്തികയുടെ രണ്ട് ഒഴിവുകൾ കൂടി പുതിയതായി ഉണ്ടാകുകയും ചെയ്തു. | |
| 2 | 21.01.2021 | | |
| 3 | 01.06.2021 | ശ്രീ. ശ്രീകുമാരൻ നായർ. ജി-യുടെ വിരമിക്കൽ | |
| 4 | 01.06.2021 | ശ്രീമതി. പ്രഭാവതി. കെ.കെ-യുടെ ഉദ്യോഗക്കയറ്റം | ഉത്തരവ് നമ്പർ. DT/3618/2020-A3, തീയതി: 31.05.2021 |
| 5 | 01.06.2021 | ശ്രീ. അജിത്ത് കുമാർ. ജെ.ബി-യുടെ ഉദ്യോഗക്കയറ്റം | |
| 6 | 19.09.2021 | ശ്രീ.നിസാർപി.വി- യുടെ ഉദ്യോഗക്കയറ്റം (ശ്രീമതി.ലോലിത ജി.ആർ ന്റെ deputation ഒഴിവിന്മേൽ) | ഉത്തരവ് നമ്പർ. DT/2307/2020-A3, തീയതി: 18.09.2021 |

മേൽ ജൂനിയർ സൂപ്രണ്ട് (HG) തസ്തികയിലെ 6 ഒഴിവുകളിലേയ്ക്ക്, പരാമർശം (2) പ്രകാരമുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന അർഹരായവർക്ക് KS&SSRs Part. II, Rule. 28(b)(ii) അനുസരിച്ച് 50200-105300

ശമ്പളനിരക്കിൽ ജൂനിയർ സൂപ്രണ്ട് (HG) തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (പരാമർശം-2) | പേര് / തസ്തിക / സ്ഥാപനം | ഉദ്യോഗക്കയറ്റത്തിന് അർഹതപ്പെട്ട പ്രാബല്യ തീയതി |
|---|---|---|---|
| 1 | 158 | ശ്രീ. പ്രകാശൻ. എൻ<br>ജൂനിയർ സൂപ്രണ്ട്,<br>ഗവ: ഐ.ടി.ഐ കണ്ണൂർ | 21.01.2021 |
| 2 | 159 | ശ്രീ. ജോസ് പ്രകാശ്. കെ.വി<br>ജൂനിയർ സൂപ്രണ്ട്,<br>ഗവ: ഐ.ടി.ഐ തേവലക്കര | 21.01.2021 |
| 3 | 160 | ശ്രീമതി. നയന നടരാജൻ<br>ജൂനിയർ സൂപ്രണ്ട്,<br>ഗവ: ഐ.ടി.ഐ ചാക്ക | 01.06.2021 |
| 4 | 161 | ശ്രീമതി. ദീപ കരുണാകരൻ<br>ജൂനിയർ സൂപ്രണ്ട്,<br>ഗവ: ഐ.ടി.ഐ പെരുവ | 01.06.2021 |
| 5 | 162 | ശ്രീമതി. റംല. കെ<br>ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ(എൻടി),<br>ഗവ: ആർ.ഐ.സി ചാക്ക | 01.06.2021 |
| 6 | 163 | ഷിഹാബുദീൻ പി.എ<br>ജൂനിയർ സൂപ്രണ്ട്,<br>ഗവ: ഐ.ടി.ഐ കളമശ്ശേരി | 19.09.2021 |

(ഒപ്പ്)
**ഹസീന. പി.എസ്**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**<u>സ്വീകർത്താവ്</u>:-**

ബന്ധപ്പെട്ട ജീവനക്കാർക്ക് (സ്ഥാപനമേധാവി മുഖേന)

**<u>പകർപ്പ്</u>:-**

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
2. ജെ.എ.എ.(സി), വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്